**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3453** **15-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലാ എച്ച്.എസ്.എ. ഇംഗ്ലീഷ് പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു; ആയതിൽ നിന്ന് എത്രപേരെ നിയമിച്ചു; ഈ റാങ്ക് ലിസ്റ്റിൽ ജനറൽ മെറിറ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | **എച്ച്.എസ്.ടി ഇംഗ്ലീഷ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി 10.08.2023. നിയമിതരായവരുടെ എണ്ണം - 4**<br><br>**ജനറൽ മെറിറ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം - 50** |
| (ബി) | കോഴിക്കോട് ജില്ലയിൽ 2023-24 അധ്യയന വർഷം എച്ച്.എസ്.എ. ഇംഗ്ലീഷ് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ആയതിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു; ആയതിൽ ജോയിൻ ചെയ്യാത്തവർ എത്ര; ഈ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 2023-24 വർഷം എച്ച്.എസ്.ടി ഇംഗ്ലീഷിലുള്ള ഒരു ഒഴിവ് ബൈട്രാൻസ്ഫർ നിയമനത്തിനായി പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്തു. ആയതിൽ നിയമന ശിപാർശ ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ 2024 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം എത്ര റിട്ടയർമെന്റ് വേക്കൻസി നിലവിലുണ്ട് എന്നറിയിക്കാമോ; അവ ഏതെല്ലാം സ്കൂളുകളിൽ എന്ന് വിശദീകരിക്കാമോ; | (സി) | 2024 മാർച്ച് 31 വരെ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ റിട്ടയർമെന്റുകൾ ഇല്ല. |
| (ഡി) | 2024-25 അധ്യയന വർഷം ഏതെല്ലാം സ്കൂളുകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ ഒഴിവുണ്ടാകും എന്ന് വ്യക്തമാക്കാമോ? | (ഡി) | 2024-25 വർഷത്തിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ ഉണ്ടാവുന്ന ഒഴിവുകൾ - 3 എണ്ണം<br><br>1. ജി.എച്ച്.എസ്.എസ് നല്ലളം - 1 ഒഴിവ്<br><br>2. ജി.എച്ച്.എസ്.എസ് ബാലുശ്ശേരി - 1 ഒഴിവ്<br><br>3. ജി.എച്ച്.എസ്.എസ് കുറ്റ്യാടി- 1 ഒഴിവ് |

സെക്ഷൻ ഓഫീസർ